22/12/21

04/12/21



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ AP No.401(4)/*2015/എസ്.ഐ.സി.*

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2521/*എസ്.ഐ.സി–ജി 2/2015*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

തീയതി: 04-12-2021

**ശ്രീ. കൃഷ്ണൻകുട്ടി നായർ,**
ശ്രീനിലയം,
വയലാർ പി.ഒ,
ചേർത്തല, ആലപ്പുഴ 688 536 — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ(സിഡ്കോ)
   ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം 695 001
2. അപ്പീൽ അധികാരി & മാനേജിംഗ് ഡയറക്ടർ
   സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ(സിഡ്കോ)
   ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം 695 001 — എതിർകക്ഷികൾ

### അന്തിമ ഉത്തരവ്

ഈ അപ്പീൽ ഹർജിയിൽ കമ്മീഷൻ 01-09-2021 ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. വിവരാവകാശ നിയമം 8(1) (J) പ്രകാരം ചില വിവരങ്ങൾ നിഷേധിച്ചത് നിയമപരമല്ലെന്നും, അതുകൊണ്ട് ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചക്കുള്ളിൽ ഈ വിവരങ്ങളടക്കം ഒന്നാം എതിർകക്ഷി അപ്പീൽ ഹർജിക്കാരന് നൽകേണ്ടതും, വിവരം

കമ്മീഷനെ അറിയിക്കേണ്ടതും, അതോടൊപ്പം വിവരങ്ങൾ കൃത്യമായി നൽകാതിരുന്നതിനും വിവരാവകാശ നിയമത്തിലെ പ്രസക്ത വകുപ്പുകൾ സംബന്ധിച്ച തെറ്റിദ്ധാരണ പരത്തുന്ന രീതിയിൽ മറുപടി നൽകിയതിനും നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, അതിനുള്ള വിശദീകരണം പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ നൽകണമെന്നും, ആയിരുന്നു ഈ ഉത്തരവിൽ പറഞ്ഞിരുന്നത്. ഇതനുസരിച്ച് ഒന്നാം എതിർകക്ഷിയുടെ വിശദീകരണം കമ്മീഷന് 07-10-2021 ൽ ലഭിച്ചു. നൽകാൻ ബാക്കിയുണ്ടായിരുന്ന വിവരങ്ങൾ ഹർജിക്കാരന് നൽകി എന്നും, പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച മനഃപൂർവമല്ലാതെ സംഭവിച്ചതാണെന്നും, വിവരാവകാശ നിയമം 8(1) (j) കൃത്യമായി മനസ്സിലാക്കാതിരുന്നതുകൊണ്ടാണ് തെറ്റിദ്ധാരണ ഉണ്ടാകുന്നവണ്ണം മറുപടി നൽകേണ്ടി വന്നതെന്നും, ഇത് മാപ്പാക്കണമെന്നും ഒന്നാം എതിർകക്ഷിയുടെ വിശദീകരണത്തിൽ പറയുന്നുണ്ട്. ഇതിനിടയിൽ കമ്മീഷന്റെ 11-09-2021 ലെ ഉത്തരവിന്റെ പകർപ്പ് അപ്പീൽ ഹർജിക്കാരൻ മരണപ്പെട്ടു എന്നു രേഖപ്പെടുത്തി തപാൽ വകുപ്പ് തിരിച്ചയക്കുകയും, ആയത് കമ്മീഷന് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2. ഇതെല്ലാം കണക്കിലെടുത്ത് അപ്പീൽ ഹർജിയിൽ മേൽ തുടർനടപടികൾ അവസാനിപ്പിച്ച് അന്തിമ ഉത്തരവ് ഡിസംബർ 4, 2021 ൽ പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre